# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 446

10.06.2014- ൽ മറുപടിക്ക്

## പ്രാഥമിക സഹകരണ സംഘങ്ങളുടെ ട്രഷറി നിക്ഷേപം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം.ചന്ദ്രൻ :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും നിർബന്ധപൂർവ്വം എത്ര കോടി രൂപയാണ് ട്രഷറിയിലേക്ക് മാറ്റിയിട്ടുള്ളത് ; | (എ)യും (ബി)യും സംസ്ഥാന സഹകരണ ബാങ്കിന്റെയും, 6 ജില്ലാ സഹകരണ ബാങ്കുകളുടെയും CRAR (മൂലധന പര്യാപ്തത) കൈവരിക്കുന്നതിന് 2013 ജൂൺ 27 ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 199.50 കോടി രൂപ ഈ ബാങ്കുകൾക്ക് അനുവദിക്കുകയും, അപ്രകാരം അനുവദിക്കുന്നതിന് തത്തുല്യമായ തുക സംസ്ഥാന ട്രഷറിയിൽ പ്രത്യേക സഹകരണ ബാങ്ക് നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കണമെന്നും ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 2013-14 സാമ്പത്തിക വർഷം 27.885 കോടി രൂപയും സഹകരണ സംഘങ്ങൾക്ക് നിക്ഷേപം നടത്തുന്നതിനായി അംഗീകരിച്ച പ്രത്യേക ഹ്രസ്വകാല നിക്ഷേപ പദ്ധതി പ്രകാരം 91.016 കോടി രൂപയും ട്രഷറികളിൽ സംഘങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്. നിർബന്ധമായും തുക നിക്ഷേപിക്കണമെന്ന് സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടില്ല. 1969 ലെ സഹകരണ നിയമം വകുപ്പ് 57 പ്രകാരം സഹകരണ സംഘങ്ങൾക്ക് ട്രഷറിയിൽ നിക്ഷേപം നടത്തുന്നതിന് നിയമ തടസ്സമില്ല. |
| ബി) സഹകരണ ബാങ്കുകളുടെ പണം നിർബന്ധപൂർവ്വം ട്രഷറിയിൽ നിക്ഷേപിക്കുന്നത് ഏത് നിയമ പ്രകാരം ആണ് ; | |

| | | |
|---|---|---|
| സി) പ്രസ്തുത നിക്ഷേപങ്ങൾക്ക് എത്ര ശതമാനം പലിശയാണ് നൽകുന്നത് ; | (സി) | മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി സർക്കാർ അംഗീകരിച്ച 23 മാസ കാലയളവിലുള്ള പ്രത്യേക സഹകരണ ബാങ്ക് നിക്ഷേപ പദ്ധതിയിൽ നിക്ഷേപിക്കുന്നതിന് 9% പലിശയും പ്രത്യേക ഹ്രസ്വകാല നിക്ഷേപ പദ്ധതികൾക്ക് ( 1 മാസം മുതൽ 3 മാസം വരെ) 7.5% പലിശയുമാണ് നൽകുന്നത്. |
| ഡി) ഇത്തരം നിക്ഷേപത്തിന്റെ കാലാവധി എത്രയാണ് ; | (ഡി) | പ്രത്യേക സഹകരണ ബാങ്ക് നിക്ഷേപ പദ്ധതിയിൽ നടത്തുന്ന നിക്ഷേപങ്ങളുടെ കാലാവധി 23 മാസമാണ്. പ്രത്യേക ഹ്രസ്വകാല നിക്ഷേപ പദ്ധതിയിൽ 1 മാസം മുതൽ 3 മാസം വരെയാണ് നിക്ഷേപ കാലാവധി. |
| ഇ) നിശ്ചിത കാലാവധി കഴിഞ്ഞാൽ സഹകരണ സംഘങ്ങൾക്ക് നിക്ഷേപം തിരിച്ച് നൽകുമോ; വ്യക്തമാക്കാമോ ? | (ഇ) | ട്രഷറിയിൽ സംഘങ്ങൾ നിക്ഷേപിച്ചിട്ടുള്ള തുക മറ്റ് നിക്ഷേപങ്ങൾ പോലെ, അതാത് നിക്ഷേപ പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം തിരികെ നൽകുന്നതാണ്. |

**സെക്ഷൻ ആഫീസർ**